**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2590 13.03.2020-ൽ മറുപടിയ്ക്ക്**

**റോഡുകളുടെ സമീപത്തെ പെട്രോൾ പമ്പുകൾക്ക് ഫീസ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ സമീപത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ സമീപത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നില്ല. |
| (ബി) ദേശീയ പാതയുടെ വശങ്ങളിലെ പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിന് കേന്ദ്രറോഡ് ഗതാഗത ഹൈവേ മന്ത്രാലയം ഫീസ് ഈടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ദേശീയപാതയിലെ വശങ്ങളിലെ പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നത് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 24.07.2013 തീയതിയിലെ കത്ത് നമ്പർ RW/NH-33023/19/99-DO-III പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. |
| (സി) വൻ ലാഭത്തിൽ പ്രവർത്തിക്കുന്ന പെട്രോൾ കമ്പനികളിൽ നിന്ന് സംസ്ഥാന പൊതുമരാമത്ത് റോഡുകളുടെ സമീപത്ത് സ്ഥാപിക്കുന്ന പെട്രോൾ പമ്പുകൾക്ക് ഫീസ് ഈടാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (സി) (ഡി) & (ഇ) ഇത്തരത്തിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കാവുന്നതാണ്. |
| (ഡി) ഇത്തരത്തിൽ ഫീസ് ഈടാക്കുമ്പോൾ സംസ്ഥാന ഖജനാവിൽ എത്ര രൂപ ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | |
| (ഇ) ഇത്തരത്തിൽ ലഭിക്കുന്ന തുക റോഡ് സംരക്ഷിക്കുന്നതിനും സുരക്ഷയൊരുക്കുന്നതിനും ചിലവഴിക്കുന്ന വിഷയം പരിഗണിക്കുമോ? | |

സെക്ഷൻ ഓഫീസർ